# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/79

തിരുവനന്തപുരം
04.12.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : 2 1/2 വർഷമായി അകാരണമായി തടഞ്ഞുവച്ചിരിക്കുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ പുറത്തിറക്കുന്നത് സംബന്ധിച്ച്.

സൂചന :1. Diary No.15238/2022/12.5.2022,Case No. Contempt(C) No.000583/ 2022/ Registered on 28.9.2022.

2. CEA Regulation 2023 പ്രസക്ത പേജ്.

2 1/2 വർഷത്തിലധികമായി ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ അകാരണമായി തടഞ്ഞുവച്ചിരിക്കുകയാണ്. വൈദ്യുതി ഭവനിലുള്ള അങ്ങയുടേതുൾപ്പടെയുള്ള വിവിധ ഓഫീസുകളിൽ അന്വേഷിച്ചപ്പോൾ മനസ്സിലായത് സൂചന 1 പ്രകാരമുള്ള ബഹു.സുപ്രീം കോടതി മുമ്പാകെയുള്ള ഏതോ ഒരു കോടതിയലക്ഷ്യ ഹർജിയുടെ പേരിൽ തടയപ്പെട്ടിരുന്നുവെന്നാണ്. മേൽ കോടതിയലക്ഷ്യ ഹാർജിയുടെ പേരിൽ പ്രമോഷൻ തടയുവാൻ നിയമപരമായി യാതൊരു അവകാശവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഇല്ല. ഞങ്ങൾ ഉന്നയിക്കുന്ന വസ്തുതകൾക്ക് പിൻബലമാകുന്ന നിയമവശങ്ങൾ താഴെ ചൂണ്ടിക്കാണിക്കുന്നു.

1. രണ്ട് വർഷം കഴിഞ്ഞിട്ടും ഹർജി ഫയൽ ചെയ്തയാളോ, എതിർകക്ഷിയോ കേസ് മെൻഷൻ ചെയ്ത് എടുപ്പിക്കേണ്ടതായിരുന്നു. ഇതിൽ നിന്നും 2 കക്ഷികൾക്കും ഇതിൽ താല്പര്യം ഇല്ലായിരുന്നു എന്ന് മനസ്സിലാക്കാം. ഇക്കാര്യത്തിൽ തീർപ്പാക്കാൻ ആരും താല്പര്യം കാണിച്ചില്ല. തീർപ്പാക്കണമെന്നുണ്ടായിരുന്നുവെങ്കിൽ മെൻഷൻ ചെയ്ത് കേസ് എടുപ്പിക്കുമായിരുന്നു. ബോർഡ് മെൻഷൻ ചെയ്തതായി അറിയില്ല. പല പ്രാവശ്യം പോസ്റ്റിങ്ങ് വന്നെങ്കിലും SNC ലാവ്‌ലിൻ കേസിനെ മറികടക്കാൻ KSEB യുടെ നിയമ വിഭാഗം അശ്രാന്തം പരിശ്രമിക്കുന്നു എന്നുവേണം അനുമാനിക്കാൻ. Contempt ൽ respondents ആയ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (HRM), പവർ സെക്രട്ടറി തുടങ്ങിയവരോ അവരുടെ Advocate ഓ വിചാരിച്ചാൽ കേസ് മെൻഷൻ ചെയ്ത് കോടതിയുടെ പരിഗണനയിൽ കൊണ്ടുവരാൻ സാധിക്കും.

2. CEA Regulation 2023 അനുസരിച്ച് റെഗുലേഷൻ നോട്ടിഫിക്കേഷൻ തീയതിയായ 8.6.2023 വരെയുള്ള എല്ലാ ജീവനക്കാരെയും സംരക്ഷിച്ചിരിക്കുകയാണ് സൂചന (2). ഇപ്പോൾ റെഗുലേഷൻ 2010 നിലനിൽക്കുന്നില്ല അതുകൊണ്ട് യോഗ്യതയുടെ പേരിൽ യാതൊരു കാരണവശാലും പ്രമോഷൻ തടയാൻ പറ്റില്ല. പുതിയ CEA റെഗുലേഷൻ അനുസരിച്ച് ITI/Diploma എടുക്കണമെന്ന 21.4.2022 ലെ ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ പ്രസക്തവുമല്ല.

CEA Regulation 2023 ഡ്രാഫ്റ്റിൽ കൃത്യസമയത്ത് മറുപടി കൊടുക്കാതെ ബോർഡിന്റെ പ്രതിച്ഛായ CEA യുടെ മുമ്പാകെ തകർത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും അങ്ങ് അവർക്ക് കൂട്ടുനിൽക്കുകയാണെന്നത് തികച്ചും ഖേദകരമാണ്.

മേൽ 2 വസ്തുതകളുടെ പേരിൽ പ്രമോഷൻ യാതൊരു കാരണവശാലും തടയാൻ സാധിക്കില്ല. അത് ഇലക്ട്രിസിറ്റി വർക്കർമാരുടെ അവകാശത്തിനുമേലുള്ള ലംഘനമാണ്. ആയതിനാൽ പ്രമോഷൻ ഉടൻ പുറത്തിറക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (HRM) ന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം നിലവിൽ ഓവർസിയർമാരുടെ നിരവധി ഒഴിവുകൾ ഉള്ളതിനാൽ Lineman to Overseer പ്രമോഷൻ ഉടൻ പുറത്തിറക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്